"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂളിലെ ഫുൾ ടൈം അറബിക് ടീച്ചറായ ശ്രീമതി. സുനൈദ ബീഗം. എഫ് ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

G.O.(Rt)No.1778/2026/GEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂളിലെ ഫുൾ ടൈം അറബിക് ടീച്ചറായ ശ്രീമതി. സുനൈദ ബീഗം സർക്കാരിൽ സമർപ്പിച്ച 06.03.2025 ലെ റിവിഷൻ ഹർജി.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.08.2025 ലെ DGE/6494/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിലുള്ള ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂളിലെ ഫുൾ ടൈം അറബിക് ടീച്ചറായ ശ്രീമതി. സുനൈദ ബീഗം. എഫ് തന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ച ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) റിവിഷൻ ഹർജി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു.

3) പാലക്കാട് ജില്ലയിലെ കുഴൽ മന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിലുള്ള (ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) ആനിക്കോട് സരിഗ പബ്ലിക് സ്കൂളിലെ തന്നെ എൽ പി എസ് ടി യായ ശ്രീമതി. ഷിനി. പി. വി യുടെ സർവീസ് ക്രമീകരിച്ച കൊണ്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നൽകിയ പുനഃപരിശോധന ഹർജിയിന്മേൽ സർക്കാർ 07/02/2025 ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 1088/2025/GEDN ഉത്തരവിൽ ശ്രീമതി. ഷിനി. പി. വി യെ 2007-08 വർഷത്തിലെ അധിക തസ്തികയിൽ 10/12/2007 മുതൽ എൽ. പി. എസ്. ടി ആയി നിയമിച്ചുവെങ്കിലും അധിക തസ്തികയിൽ നിയമനം ആയതിനാൽ ജി. ഒ(പി)10/10 നമ്പർ പൊ.വി.വ തീയതി 12/01/2010 പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അംഗീകരിക്കാതിരുന്നത് എന്ന് കാണുന്നതിനാൽ 2007-08 വർഷം ഈ സ്കൂളിൽ അധിക തസ്തികയ്ക്ക് അർഹത ഉണ്ടോ എന്ന് പരിശോധിച്ച്, അർഹത ഉള്ള പ്രകാരം ഹർജിക്കാരിയുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരം എങ്കിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി അംഗീകരിക്കുവാനും അപ്രകാരം അംഗീകാരം നൽകുന്ന പക്ഷം ടിയാൾ പഞ്ചായത്ത്

പ്രസിഡൻറായി നിയമിതയായതു മുതൽ തിരികെ സർവീസ് പ്രവേശിച്ചത് വരെ ചട്ട പ്രകാരമുള്ള അവധി അനുവദിക്കുന്നതിനായി ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കുവാനും കഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും, അപ്രകാരം മുൻകാല സർവീസ് അംഗീകരിക്കുന്ന പക്ഷം മാത്രമേ കെ ടെറ്റ് - ൽ നിന്നും ഇളവ് നല്കാനാകുക എന്നും ബന്ധപ്പെട്ട ഉത്തരവിന്റെയും രേഖകളുടെയും പകർപ്പുകൾ സഹിതം ടി ആവശ്യത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാനും അല്ലാത്ത പക്ഷം നിയമനാംഗീകാരം 04/06/2012 മുതൽ ആയതിനാൽ കെ. ടെറ്റ് നേടേണ്ടതുണ്ട് എന്നും ഹർജിക്കാരിയെ അറിയിച്ചു കൊണ്ടും പ്രസ്തുത പുനഃ പരിശോധന ഹർജി തീർപ്പാക്കിയിട്ടുള്ളതാണ്.

4) ഈ ഉത്തരവിൽ 2007 - 08 വർഷത്തെ അധിക തസ്തികയിൽ നിയമിതയായ ശ്രീമതി. ഷിനി. പി. വി യുടെ നിയമനം അധിക തസ്തികയുടെ ലഭ്യത ഉറപ്പു വരുത്തി മറ്റു വിധത്തിൽ ക്രമ പ്രകാരം ആണ് എങ്കിൽ അംഗീകരിച്ചു നൽകുന്നതിന് അനുമതി നല്കിയിട്ടുള്ളതിനാൽ 2006-07 മുതൽ 2010 11 വരെയുള്ള സമാന അധിക തസ്തികയിൽ നിയമിതരായവരും എന്നാൽ നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തവരുമായ എൽ. പി. എസ്. ടി മാരും ഒരു ഫുൾടൈം അറബിക് അധ്യാപികയും ഉൾപ്പെടുന്ന അധ്യാപകരുടെ നിയമനതീയതിയും നിയമനാംഗീകാരവും സൂചിപ്പിച്ചുകൊണ്ടുള്ള പട്ടിക പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത് വിശദമായി പരിശോധിച്ചു .

5)ക്രമ നമ്പർ ഒന്നു മുതൽ നാലുവരെ സൂചിപ്പിച്ചിട്ടുള്ള സർവ്വ ശ്രീ ഷഫീർ. കെ, സബ്ന. പി. എസ്, ധന്യ. പി. സി. ജോബി. കെ എന്നിവർ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള തീയതികളിൽ വിരമിക്കൽ ഒഴിവുകളിൽ മാറ്റി നിയമിക്കപ്പെട്ട് നിയമനാംഗീകാരം നേടിയവരാണ് . ക്രമ നമ്പർ അഞ്ചു മുതൽ പത്തുവരെയുള്ള സർവ്വ ശ്രീ ദിനി. എം, ദിവ്യ, എം. എൻ, സുബിത. എസ്, പ്രസാദ്. കെ. എസ്, രേഷ്മ. കെ. എസ്, ജുനൈദബീഗം എന്നിവർ അധ്യാപക പാക്കേജിൻ്റെ ഭാഗമായി 01.06.2011 മുതൽ നിയമനാംഗീകാരം നേടിയവരുമാണ്. സമാനരീതിയിൽ 2007 08 ലെ അധിക തസ്തികയിൽ നിയമിതയായ ഈ വിദ്യാലയത്തിലെ തന്നെ LPSA ആയ ശ്രീമതി. ഷിനി. പി. വി യുടെ സർവീസ് ക്രമ വൽക്കരിക്കുന്നതിനായി സമർപ്പിച്ച പുനഃപരിശോധനാഹർജി തീർപ്പാക്കിയ ടി ഉത്തരവിൽ മാനേജർ ബോണ്ട് സമർപ്പിച്ചില്ല എങ്കിലും 2007- 08 ലെ അധിക തസ്തികയ്ക്ക് അർഹതയുണ്ടോ എന്ന് പരിശോധിച്ചു മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി. 10.12.2007 മുതലുള്ള ഷിനി. പി. വി യുടെ നിയമനം അംഗീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. നിലവിൽ 04.06.2012 മുതൽ മാത്രമാണ് ഷിനി. പി. വി ക്കു നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

6) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അധ്യാപകർക്കും നിലനിൽക്കാനുള്ള അധിക തസ്തിക താഴെ കൊടുത്ത പ്രകാരം ഉണ്ട് എന്ന വിവരം കൂടി പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

| Sl No. | year | categary | No of post allowed |
|---|---|---|---|
| 1 | 2006-07 | LPST | 3 |
| 2 | 2007-08 | LPST | 3 |
| 3 | 2008-09 | LPST | 2 |
| 4 | 2009-10 | Nil | Nil |
| 5 | 2010-11 | 1 LPST & 1 Full Time Arabic | 2 |

7) ജി. ഒ. (പി) നമ്പർ 317/2005/പൊ.വി.വ തീയതി 17.08.2005 ഉത്തരവ് പ്രകാരം 2006-07

മുതൽ നിലവിൽ വന്ന അധിക തസ്തികയിലെ നിയമന നിരോധനം 12.01.2010 ലെ ജി. ഒ(പി) നമ്പർ 10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൂർവകാല പ്രാബല്യത്തോടെ അംഗീകരിക്കുന്നതിന് 01.06.2010 നു ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന നിരോധന കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അത്രയും എണ്ണം സംരക്ഷിത അധ്യാപകരെ 01.06.2010 നു ശേഷമുള്ള ഒഴിവുകളിൽ നിയമിച്ചു കൊള്ളാമെന്നും അതിനു ശേഷം 1:1 അനുപാതത്തിൽ (സംരക്ഷിത അധ്യാപകർ/ മാനേജർ നിയമിക്കുന്ന അധ്യാപകർ) നിയമിച്ചു കൊള്ളാമെന്നു സമ്മതിച്ചുകൊണ്ടുള്ള ബോണ്ട് സമർപ്പിക്കുന്ന പക്ഷം നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുന്നതിനും 12.01.2010 ലെ ഉത്തരവിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ അപ്രകാരം ഒരു ബോണ്ട് മാനേജർ സമർപ്പിച്ചിട്ടില്ലാത്തതാണ്. 01.10.2011 ലെ ജി. ഒ(പി) നമ്പർ 199/2011/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ അധ്യാപക പാക്കേജ് നെ തുടർന്ന് 60930/ജെ2/2011/പൊ.വി.വ നമ്പർ സർക്കാർ സർക്കാർ പുറപ്പെടുവിച്ച 25.10.2011 വിശദീകരണത്തിൽ നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ മാനേജർ ബോണ്ട് സമർപ്പിച്ചില്ല എങ്കിൽ തന്നെയും 01.06.2011 മുതൽ നിയമനം അംഗീകരിക്കാനും ഉത്തരവിനായി. പ്രസ്തുത വിശദീകരണത്തിൽ 01.06.2011 നു മുൻപുള്ള ഓരോ കേസും പ്രത്യേകം പരിഗണിച്ചു പിന്നീട് തീരുമാനമാകുന്നതാണെന്നും ഉത്തരവായിരുന്നു.

8) 11.08.2014 ലെ ജി. ഒ (പി) നമ്പർ 154/2011/പൊ.വി.വ നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി വിജ്ഞാപന പ്രകാരം 01.06.2011 നു മുമ്പുള്ള നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനം ആയെങ്കിലും കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ല്യൂ പി (സി) 19008/2013 ഉൾപ്പെടെയുള്ള വിവിധ റിട്ട് ഹർജികളിലെ 17.12.2015 ലെ പൊതു വിധിന്യായത്തിൽ 01.06.2011 നു മുൻപുള്ള നിയമനങ്ങൾ അംഗീകരിക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനം റദ്ദ് ചെയ്തു കോടതി വിധി ആയിട്ടുള്ളതാണ്. കേരള ഹൈ ക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട 2012 ലെ ഡബ്യൂ. പി (സി) 4643, 6039, 27071, 29672, 29764, 2013 ലെ 337, 15129 എന്നീ റിട്ട് ഹർജികളിലെ 18.02.2015 ലെ പൊതു വിധിന്യായ പ്രകാരം മാനേജർ ബോണ്ട് ബോധപൂർവ്വം സമർപ്പിച്ചിട്ടില്ല എങ്കിൽ കൂടി മാനേജരുടെ ഭാഗത്തുനിന്നുള്ള പ്രസ്തുത നടപടി അധ്യാപകരുടെ നിയമനത്തെ ദോഷകരമായി ബാധിക്കാൻ പാടില്ല എന്നും മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് കോടതി ഉത്തരവായിട്ടുള്ളതാണ്.

9) മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദം ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂളിലെ ഫുൾ ടൈം അറബിക് ടീച്ചറായ ശ്രീമതി. സുനൈദ ബീഗത്തെ 2010-11 കാലയളവിലെ അധിക തസ്തികയിൽ 01/06/2010 മുതൽ നിയമിച്ചിരുന്നെങ്കിലും അധിക തസ്തികയിലെ നിയമനമായതിനാൽ ജി.ഒ.(പി)നം.10/10/പൊ.വി.വ. പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അംഗീകരിക്കാതിരുന്നത് എന്ന് കാണുന്നതിനാൽ 2010-11 വർഷം ടി സ്കൂളിൽ അധിക തസ്തികയ്ക്ക് അർഹതയുണ്ടോയെന്നു പരിശോധിച്ച്, അർഹതയുള്ള പക്ഷം, 01/06/2010 മുതൽ 31/05/2011 വരെ ഹർജിക്കാരിക്ക് നിലനിൽക്കാൻ തസ്തികയുണ്ടെങ്കിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി, ഇതുമായി ബന്ധപ്പെട്ട് ബഹു സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി സരിഗ പബ്ലിക് സ്കൂൾ ആനിക്കാട് (എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) ലെ ഫുൾ ടൈം അറബിക് ടീച്ചറായ ശ്രീമതി സുനൈദ ബീഗത്തിന്റെ നിയമനം അംഗീകരിച്ച് നൽകുവാൻ

കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം ശ്രീമതി.സുനൈദ ബീഗം സർക്കാരിൽ ലഭ്യമാക്കിയ പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
ADDITIONAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.
മാനേജർ, ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ, ആനിക്കോട്, കുഴൽ മന്ദം, പാലക്കാട്.
ശ്രീമതി. സുനൈദ ബീഗം. എഫ്, ഫുൾ ടൈം അറബിക് ടീച്ചർ, ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ, ആനിക്കോട്, കുഴൽ മന്ദം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C.O
സെക്ഷൻ ഓഫീസർ
Date: 28-02-2026 12:38:03